## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3204 — 19.06.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

(എ) മഴക്കാല രോഗങ്ങൾ വ്യാപിക്കാനിരിക്കെ നിരവധി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ഥിരം തസ്തികകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമനം നടക്കാതെ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) ഈ തസ്തികകളിലേക്ക് അധിക യോഗ്യതയുള്ള ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരെ ഉൾപ്പെടുത്തി നിയമിക്കാൻ കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ; അധിക യോഗ്യതയുള്ള ഡി.എച്ച്.ഐ.സി. പാസായവരെ കൂടി ഈ പോസ്റ്റിലേക്ക് നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കോടതി ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള ചട്ടങ്ങൾ/ഉത്തരവുകൾ പ്രകാരം ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമന യോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 16.08.1972-ലെ സ.ഉ.(കൈ) 246/1972/LA&SWD, 11.02.1976-ലെ സ.ഉ.(കൈ) 33/1976/LA&SWD എന്നിവയിൽ ഭേദഗതികൾ വരുത്തി ഡി.എച്ച്.ഐ.സി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനത്തിനുള്ള യോഗ്യതയായി ഉൾപ്പെടുത്തിയാൽ മാത്രമേ

ഡി.എച്ച്.ഐ.സി. യോഗ്യതയുള്ളവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനത്തിനായി പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഈ തസ്തികകളിലേക്കുള്ള നിയമന നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകാമോ?

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ